# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 777 02.12.2015-ൽ മറുപടിക്ക്

### കുട്ടികളുടെ ക്യാൻസർ ചികിത്സാ സൗജന്യം

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം ആർ.സി.സി. യിലും തലശ്ശേരി മലബാർ ക്യാൻസർ സെന്ററിലും കുട്ടികളുടെ ചികിത്സയ്ക്ക് എന്തെല്ലാം സൗജന്യങ്ങളും ആനുകൂല്യങ്ങളുമാണ് ലഭ്യമാക്കിയിട്ടുള്ളത് ; | (എ) | സംസ്ഥാനത്ത് ആർ.സി.സി. യിലും മലബാർ ക്യാൻസർ സെന്ററിലും കുട്ടികളുടെ ചികിത്സ കാൻസർ സുരക്ഷാ പദ്ധതി പ്രകാരം പൂർണ്ണമായും സൗജന്യമാണ്. കൂടാതെ മലബാർ ക്യാൻസർ സെന്ററിൽ താലോലം പദ്ധതിയിലും 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ ചികിത്സാധനസഹായം നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള പ്രായ പരിധി എത്രയാണ് ; വരുമാന പരിധി എത്രയാണ് ; | (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള പ്രായ പരിധി 18 വയസ്സിനു താഴെയാണ്.<br>മെഡിക്കൽ റീഇംപേഴ്സ്മെന്റ്, ഇ.എസ്.ഐ എന്നീ ആനുകൂല്യങ്ങൾ ഇല്ലാത്തവർക്കും പേ വാർഡ് എടുക്കാത്തവരുമായ എല്ലാവർക്കും വരുമാന പരിധി കൂടാതെ മേൽപ്പറഞ്ഞ ആനുകൂല്യം ലഭിക്കുന്നുണ്ട്. |
| (സി) | ടി ആനുകൂല്യങ്ങളും സൗജന്യങ്ങളും ലഭിക്കുന്നതിന് അസുഖ ബാധിതരായ കുട്ടികളുടെ രക്ഷിതാക്കൾ ആർക്കാണ് അപേക്ഷകൾ നൽകേണ്ട തെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) | ടി ആനുകൂല്യങ്ങളും സൗജന്യങ്ങളും ലഭിക്കുന്നതിനായി പ്രത്യേക അപേക്ഷ നൽകേണ്ടതില്ല. |

| | | | |
|---|---|---|---|
| (ഡി) | 2011 മെയ് മാസം മുതൽ നാളിതുവരെ ഈ പദ്ധതി പ്രകാരം തിരുവനന്തപുരം ആർ.സി.സി.യിൽ എത്ര കുട്ടികൾക്ക് ആകെ എത്ര രൂപയുടെ ധനസഹായം നൽകിയെന്നും മലബാർ ക്യാൻസർ സെന്ററിൽ ആകെ എത്ര കുട്ടികൾക്ക് ആകെ എത്ര രൂപയുടെ ധനസഹായം നൽകിയെന്നും വ്യക്തമാക്കുമോ ? | (ഡി) | മേയ് 2011 മുതൽ 27 നവംബർ 2015 വരെ തിരുവന്തപുരം ആർ.സി.സി.യിൽ ഈ പദ്ധതി പ്രകാരം ലഭിച്ച ധനസഹായം ചുവടെ ചേർക്കുന്നു.<br><br>**<u>കാൻസർ സുരക്ഷാ സ്കീം</u>**<br><br>**ആകെ തുക - 19,43,51,179/-രൂപ**<br><br>ചികിത്സ ലഭിച്ച കുട്ടികളുടെ എണ്ണം - 2340<br><br>മലബാർ കാൻസർ സെന്ററിൽ 2011 മുതൽ 2015 ഒക്ടോബർ 31 വരെ 199 കുട്ടികൾക്ക് 2,06,10,245 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**